
# ഒന്നാം പാഠം ബഹിരാകാശം

അയ്മനം ജോൺ





ഒന്നാം പാഠം ബഹിരാകാശം

അയ്മനം ജോൺ

(മലയാളം: ചെറുകഥ)

© 2020 അയ്മനം ജോൺ

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The Dog, a painting by Fransisco Goya (1746–1828). The image is taken from Wikimedia Commons and is gratefully

acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# അയ്മനം ജോൺ



ആയിരത്തിതൊള്ളായിരത്തി എഴു
പത്തിരണ്ടിൽ മാതൃഭൂമി സാഹി
ത്യമത്സരത്തിൽ ഒന്നാം സമ്മാ
നം നേടിയ “ക്രിസ്മസ് മരത്തിന്റെ
വേര്” എന്ന കഥയിലൂടെ വായന
ക്കാർക്കിടയിൽ ശ്രദ്ധേയനായ

അയ്മനം ജോൺ വളരെക്കുറച്ച് കഥകളേയെഴുതിയിട്ടുള്ളൂ. എന്തിനധികം? നിറഞ്ഞ അനുതാപത്തോടെയും ഒരുതരം ഇരുണ്ട നർമ്മവിമർശനത്തിലൂടെയും ജോൺ രേഖപ്പെടുത്തിയ ചരിത്രം പാരിസ്ഥിതികദൃശ്യശബ്ദരേഖകളാൽ സമൃദ്ധമാണ്.

ഇപ്പോൾ കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗം.

## പ്രധാനകൃതികൾ

1. ക്രിസ്മസ് മരത്തിന്റെ വേര്
2. എന്നിട്ടുമുണ്ട് താമരപ്പൊയ്കകൾ
3. ചരിത്രം വായിക്കുന്ന ഒരാൾ
4. ഒന്നാം പാഠം ബഹിരാകാശം

## സമ്പർക്കവിവരങ്ങൾ

ഫോൺ: 9447897151
ഇ-മെയിൽ: <aimanamjohn@gmail.com>

# ഒന്നാം പാഠം ബഹിരാകാശം

എനിക്കിന്നും നല്ല ഓർമയുണ്ട് —അച്ഛന് ബഹിരാകാശക്കപ്പലിൽ ജോലി കിട്ടിയപ്പോൾ ഏറ്റവുമധികം ആഹ്ലാദിച്ചത് അമ്മയായിരുന്നു. ഇരുപുറങ്ങളിലും ബഹിരാകാശപതാകയുടെ പടം പതിച്ച എയർ മെയിൽ കവറിന്റെ ഒരറ്റം മുറ്റത്ത് നില്ക്കെത്തന്നെ ധൃതിയോടെ വലിച്ചുകീറി. തൂവെള്ളക്കടലാസിലെ നിയമന ഉത്തരവ് വായിക്കുമ്പോൾ അമ്മയുടെ കണ്ണുകൾ നനഞ്ഞു തിളങ്ങിയിരുന്നു. വായിച്ചുതീർന്നതും, വലതുകൈത്തലം നെഞ്ചോടു ചേർത്തുപിടിച്ച് അമ്മ ആകാശം നോക്കി അല്പനേരം പിറുപിറുത്തത് ദൈവങ്ങളോട് സംസാരിച്ചതാണെന്നും സ്പഷ്ടമായിരുന്നു.

ഹ്യൂസ്റ്റണിലെ തണുത്തു വിറച്ച ആ പരുപരാ വെളുപ്പാൻകാലത്ത്, നിലം കുലുക്കിയ വലിയൊരു സ്ഫോടനശബ്ദത്തോടെ അച്ഛന്റെ ബഹിരാകാശക്കപ്പൽ ഭൂ

മിയിൽനിന്നുയർന്നപ്പോൾ, ഏറ്റവുമധികം സങ്കടപ്പെട്ടതും അമ്മയായിരുന്നു. ചുറ്റുപാടും മൂടിയ പുകനിറം മായുമ്പോഴേക്കുതന്നെ കപ്പൽ ആകാശത്ത് അദൃശ്യമായിക്കഴിഞ്ഞിരുന്നുവെങ്കിലും അമ്മ ഏറെനേരം മുകളിലേക്കുതന്നെ നോക്കിനിന്നു –കണ്ണുകളിൽ സങ്കടം നിറയുകയും ചുണ്ടുകൾ പിറുപിറുക്കുകയും...

മടക്കയാത്രാവിമാനം കാത്തിരിക്കുമ്പോൾത്തന്നെ ലോഞ്ചിലെ ടെലിവിഷനിലൂടെ അച്ഛന്റെ പര്യവേക്ഷണക്കപ്പൽ ബഹിരാകാശത്ത് സുരക്ഷിതമായി എത്തിച്ചേർന്നതറിഞ്ഞിട്ടും യാത്രയിലുടനീളം അമ്മ ദുഃഖിതയും മൂകയുമായിരുന്നു. വെള്ളച്ചില്ലുകളിലൂടെ വിമാനം കാട്ടിയ ഭൂമിയിലെ വിസ്മയദൃശ്യങ്ങളൊന്നുപോലും അമ്മയെ ആകർഷിച്ചില്ല. അമ്മയുടെ മനസ്സ് അച്ഛനെ ചുറ്റിപ്പറ്റി ബഹിരാകാശത്ത് അലയുകയായിരുന്നുവെന്ന് മുഖം കണ്ടാൽത്തന്നെ അറിയാമായിരുന്നു. യാത്രയിലെ രണ്ട് രാത്രികളിലും അമ്മ ഉറങ്ങിയതുമില്ല. കണ്ണുകൾ മലർക്കെ തുറന്ന് ബഹിരാകാശശൂന്യതയിലേക്ക് നോക്കിയിരിക്കുംപോലെ ഒരിരിപ്പായിരുന്നു. വീട്ടിലെത്തിച്ചേർന്നിട്ടോ? വേഷംപോലും മാറാൻ നില്ക്കാതെ അമ്മ സർപ്പക്കാവിലേക്കോടി. സർപ്പക്കല്ലിനു മുന്നിൽ തിരികൊളുത്തി വളരെനേരം പ്രാർത്ഥിച്ചു കഴിഞ്ഞപ്പോഴാണ് അമ്മയ്ക്ക് പരിസരബോധം തിരികെക്കിട്ടിയതായിതോന്നിയത്.

വീട്ടിൽനിന്ന് അര മണിക്കൂർ സൈക്കിൾയാത്രയുടെ അകലം മാത്രമുള്ള കപ്പൽശാലയിലെ ജോലി ഉപേക്ഷിച്ച് അച്ഛൻ ബഹിരാകാശക്കപ്പലിലെ ജോ

ലി സ്വീകരിച്ചത് നല്ല തീരുമാനമായിരുന്നോ എന്ന് ആലോചിക്കാൻതക്ക വിവേകം അന്ന് ആ പതിനാലാം വയസ്സിൽ എനിക്കില്ലാതെ പോയെങ്കിൽ അതിന്റെ കാരണക്കാരൻ അച്ഛൻതന്നെയായിരുന്നു –അച്ഛൻ ഞങ്ങളെ ഒരിക്കലും വളരാൻ അനുവദിച്ചിരുന്നില്ലല്ലോ.

കൂട്ടുകാരുടെ വീടുകളിൽ പോയി യാത്ര പറയുവാൻ വേണ്ടി രാഹുലിനെ മുന്നിലും എന്നെ പിന്നിലും കയറ്റി സൈക്കിളിൽ പോയപ്പോൾപ്പോലും പതിവു മൂളിപ്പാട്ടുകൾ പാടിക്കൊണ്ടും ഹാൻഡിലിൽ നിന്ന് കൈയെടുത്ത്, പെഡലിൽ നിന്ന് കാലെടുത്ത് അഭ്യാസങ്ങൾ കാട്ടിയും ഞങ്ങളെ രസിപ്പിക്കുന്നതിലായിരുന്നു അച്ഛന്റെ ശ്രദ്ധ.  ഹ്യൂസ്റ്റണിലേക്കുള്ള വിമാനയാത്രയിലാവട്ടെ, രാഹുലിനെ മടിയിലിരുത്തി തലേ രാത്രി പറഞ്ഞുതുടങ്ങിയ ഏതോ തമാശക്കഥയുടെ ബാക്കി ഭാഗങ്ങൾ പലപ്പോഴായി പറഞ്ഞു തീർക്കുന്നതു കേട്ടു.  അച്ഛൻ അകലേക്കു പോകുന്നല്ലോ എന്ന വിചാരത്തെ ഞങ്ങളിൽ നിന്നകറ്റി നിർത്താനുള്ള ശ്രമങ്ങളായിരുന്നു അതെല്ലാം എന്നുപോലും ഞാൻ ഇന്നാണ് മനസ്സിലാക്കുന്നത്.

വായ് തുറന്ന ഒരു തിമിംഗലത്തെപ്പോലെ കാത്തുകിടന്ന ബഹിരാകാശക്കപ്പലിലേക്കു കയറും മുൻപ് ഞങ്ങളെ ഇരു കൈകളാൽ ചേർത്തുപിടിച്ച്, പിടിവിടാൻ മനസ്സുവരാത്തതുപോലെ നിന്ന നേരത്താണ് അച്ഛന്റെ മനസ്സിലെ വേദന എനിക്ക് അല്പമെങ്കിലും തിരി

ച്ചറിയാനായത്. മടക്കയാത്രയ്ക്കിടയിൽ അച്ഛൻ അഞ്ചു വർഷങ്ങൾ കഴിഞ്ഞേ മടങ്ങിവരൂ എന്ന് അമ്മ വെളിപ്പെടുത്തിയപ്പോൾ ഞാൻ കബളിപ്പിക്കപ്പെട്ടതുപോലെ എനിക്കു തോന്നി. എന്റെയുള്ളിൽ ക്ഷോഭം നിറയുന്നത് അമ്മ ശ്രദ്ധിച്ചു. "ആലോചിക്കാനും പറയാനുമൊന്നും നേരം തരാതെ എല്ലാം ഇടിപിടീന്നല്ലായിരുന്നോടാ മോനെ..." എന്നായിരുന്നു അമ്മയുടെ ന്യായം. മനസ്സിലേക്ക് ഒരു തീപ്പൊരിപോലെ വീണ ആ തിരിച്ചറിവ് വീട്ടിൽ മടങ്ങിയെത്തിയപ്പോൾ ആളിക്കത്താൻ തയ്യാറെടുക്കുന്ന ഒരു കനലായി മാറിക്കഴിഞ്ഞിരുന്നു. ഊണുമുറിയുടെ കോണിലെ ഉപയോഗമില്ലാത്ത സാധനങ്ങളുടെയരികിൽ ചാരിവെച്ചിരുന്ന അച്ഛന്റെ സൈക്കിൾ കണ്ണിൽപ്പെട്ടപ്പോഴെല്ലാം പൊട്ടിക്കരയാനുള്ള ഒരു തോന്നൽ എന്നെ അലട്ടിക്കൊണ്ടിരുന്നു.

അച്ഛൻ പോയി, അധികനാൾ കഴിയുംമുൻപ് അമ്മ എന്റെ ബാല്യത്തെ തള്ളിപ്പറയുകയുണ്ടായി. തെക്കേച്ചിറയിലെ കുട്ടികൾക്കെതിരെ ഞാനും രാഹുലും ഞങ്ങളുടെ ആദ്യത്തെ സെഞ്ച്വറി പാർട്ട്ണർഷിപ്പ് പൂർത്തിയാക്കിയ ദിവസമായിരുന്നു —അല്ലെങ്കിൽത്തന്നെ അച്ഛൻ ബഹിരാകാശത്ത് പോയതിന്റെ പേരിൽ കൂട്ടുകാരുടെ നോട്ടങ്ങളിൽ തിളങ്ങിനില്ക്കുമ്പോൾ ലഭിച്ച ആ നേട്ടം ഞങ്ങളുടെ കണ്ണുകളിൽ ഇരുട്ടു കയറ്റിയിരുന്നു. വീട്ടിലേക്കു മടങ്ങുവാൻ മാത്രം രാത്രിയായയത് അറിയാതെ ഞങ്ങൾ ഓരോരോ വീരവാദങ്ങൾ പറഞ്ഞ് കെട്ടുവരമ്പിലിരുന്നു. ഒടുവിൽ ബാറ്റൊക്കെ

പൊക്കിപ്പിടിച്ച് ചെന്ന് കയറിയപ്പോൾ വീട്ടിനുള്ളിൽ അമ്മയുടെ ഗദ്ഗദശബ്ദം. വാതിലുകളും ജനാലകളുമൊക്കെ അടച്ചിട്ട് നടുത്തളത്തിൽ തണുപ്പേറ്റ പക്ഷികളിരിക്കുംപോലെ പതുങ്ങിയിരുന്ന് കരയുകയായിരുന്നു അമ്മ. ഞങ്ങളെ കണ്ടപ്പോൾ കരച്ചിലടങ്ങിയെങ്കിലും ക്രോധത്തോടെ ഒന്നു നോക്കിയിട്ട് ഒന്നും പറയാതെ എഴുന്നേറ്റ് അടുക്കളയിലേക്കു പോയപ്പോഴാണ്, അച്ഛൻ പോയതോർത്തല്ല, ഞങ്ങളെച്ചൊല്ലിയാണ് അമ്മ കരഞ്ഞതെന്നു മനസ്സിലായത്. ഞങ്ങൾ ഒച്ചയുണ്ടാക്കാൻപോലും ഭയന്ന്, കണ്ണുകൾകൊണ്ടുമാത്രം സംസാരിച്ച്, ഒന്നിച്ചുപോയി കുളിച്ചുവന്ന് പഠിക്കുന്നുവെന്ന മട്ടിൽ പുസ്തകങ്ങൾ വെറുതെ മറിച്ചും തിരിച്ചും നോക്കിക്കൊണ്ടിരുന്നു. ചോറ് വിളമ്പിത്തരുമ്പോഴും അമ്മ ഒന്നും ഉരിയാടിയില്ല. സെഞ്ച്വറി സ്റ്റാൻഡിന്റെ ക്ഷീണത്താലാവാം ഊണ് കഴിഞ്ഞതും രാഹുൽ ഉറങ്ങിപ്പോയി. അപ്പോഴാണ്, അമ്മ എന്നെ കർശന ശബ്ദത്തിൽ വിളിച്ച്, വളരെ മുൻപേ തയ്യാറാക്കിവെച്ചിരുന്നതെന്നു തോന്നിച്ച ആ ശകാരവർഷം തുടങ്ങിയത്: "അവൻ പിന്നെ കൊച്ചാണെന്നു വെക്കാം. നിനക്ക് അറിവായില്ലേ വിവേകേ... അച്ഛൻ വീട്ടിലില്ലാത്തപ്പോൾ രാത്രികാലത്ത് അമ്മയെ ഒറ്റയ്ക്കാക്കി ഒരിടത്തും പോകരുതെന്നു പറഞ്ഞുതരാതെ തന്നെ വിചാരിക്കാനുള്ള പ്രായമായില്ലേ നിനക്ക്? എന്തെല്ലാം നടക്കുന്ന കാലമാണ്... ഇങ്ങനെയൊക്കെ വളരാനാണ് നിന്റെയൊക്കെ ഒരുക്കമെങ്കിൽ... എന്നെക്കൊണ്ടൊന്നും പറയിക്കണ്ട. അച്ഛന്റേയും അമ്മേടേം ഗുണത്തിനല്ല, നിന്റെയൊക്കെ

ഭാവിയോർത്തിട്ടോ അച്ഛൻ ആ ഊരും പേരുമില്ലാത്തിടത്ത് പോയിക്കിടന്ന് പാടുപെടുന്നതെന്നൊരു വിചാരം നിനക്കില്ലാതെപോയല്ലോടാ..."

അന്നോളം, അമ്മ ശകാരം തുടങ്ങുമ്പോൾ അച്ഛന്റെ അടുത്തേക്ക് ഓടിച്ചെന്ന് അഭയം തേടിയിരുന്ന കുട്ടിയായിരുന്ന എന്നെ അമ്മ അപ്പോൾത്തന്നെ മുതിർന്നവനായി കണ്ടുവെങ്കിൽ, അച്ഛൻ മടങ്ങിയെത്തുമ്പോഴേക്ക് എന്റെ ബാല്യം അല്പമെങ്കിലും ബാക്കിയുണ്ടാവില്ലല്ലോ. എന്റെ ചിന്ത എന്നെ വല്ലാതെ വേദനിപ്പിച്ചു. ഭൂമിയിലുണ്ടായിരുന്നപ്പോൾ നിവൃത്തിയുള്ളിടത്തോളം ഞങ്ങളെ പിരിയില്ലായിരുന്ന അച്ഛൻ അഞ്ച് വർഷങ്ങൾ ബഹിരാകാശത്ത് ജീവിച്ചാൽ ഞങ്ങളുടെ ഭാവി എങ്ങനെയാണ് നന്നാവുക എന്ന് അമ്മയോട്ട് ചോദിക്കാൻ കരുത്തില്ലാതെ നില്ക്കുമ്പോൾ അച്ഛന്റെ ശബ്ദം ബഹിരാകാശത്തു നിന്ന് എന്നെ ആശ്വസിപ്പിച്ചതായി എനിക്കു തോന്നി: "അമ്മയെ വേദനിപ്പിക്കരുത് മോനേ... അമ്മ ആഗ്രഹിക്കുന്നതും ശരിയല്ലേ... നമുക്കും വേണ്ടേ ഭൂമിയിൽ വലിയൊരു വീട്... ധാരാളം വസ്ത്രങ്ങൾ... അണിയാൻ ആഭരണങ്ങൾ... പെട്ടിയിൽ പിന്നെയും പണം..."

അച്ഛന്റെ ശബ്ദത്തിന്റെ മുഴക്കങ്ങളും വലിയ നിഴലുകളും വിയർപ്പുഗന്ധവും തഴമ്പുകൾ പിണഞ്ഞുകിടക്കുന്ന കൈത്തണ്ടകളുടെ കരുത്തും നഷ്ടപ്പെട്ട വീടിനുള്ളിൽ ഞങ്ങൾ നാൾക്കുനാൾ അരക്ഷിതരാവാൻ തുടങ്ങി. പറമ്പിലെ അനക്കങ്ങളും വഴിയിലെ നിഴലുകളും അമ്മയെ ഭയപ്പെടുത്തി. ഇരുട്ട് ഒന്നൊത്തി

നോക്കിയാലുടൻ അമ്മ ജനാലകളെല്ലാം ചേർത്തടച്ചുകുറ്റിയിടുന്നു... "നാട്ടുനീളെ കള്ളന്മാരും തെമ്മാടികളുമാണ്." അമ്മ പറയുന്നു. ഉറക്കത്തിൽനിന്ന് ഇടയ്ക്കിടെ ഞെട്ടിയുണരുന്ന അമ്മ ഉടനടി കൈത്തണ്ടകളും കഴുത്തും തപ്പിനോക്കുന്നു... അപ്പോൾ കൈകാലുകൾ നീട്ടി കിടക്കയിൽ അച്ഛന്റെ ശരീരം തിരഞ്ഞ് നിരാശനാവുന്ന രാഹുൽ അസ്പഷ്ടവാക്കുകൾ വിളിച്ചുപറയുന്നു. ഓട്ടു പൊട്ടിയ വിള്ളലിലൂടെ മഴത്തുള്ളികൾ വീഴുമ്പോൾ വീട് കരയുന്നുവെന്ന് എനിക്ക് തോന്നുന്നു —മഴമേഘങ്ങൾക്കപ്പുറം ഇടിയൊച്ചകൾപോലുമെത്താത്തത്രയകലെ, ശൂന്യതയുടെ സമുദ്രത്തിൽ ഇല്ലാത്തുറമുഖങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ബഹിരാകാശക്കപ്പലിൽ ഗർഭസ്ഥശിശുവിനെപ്പോലെ ഏകനായി ഉറങ്ങുന്ന അച്ഛനെ ഓർത്ത്...

പുലർച്ചെ ജനാലകൾ തുറക്കപ്പെടുമ്പോൾ ഇടവഴിയിലെ ഇളം വെട്ടത്തിലൂടെ അച്ഛന്റെ കൂട്ടുകാർ സൈക്കിൾ ഓടിച്ചു പോകുന്നുണ്ടാവും. മുൻപ് അച്ഛൻ പോയോ എന്നന്വേഷിക്കാതെ കടന്നുപോയിട്ടില്ലാത്ത അവർ വീട്ടിലേക്ക് ഒന്ന് മുഖംതിരിച്ചുനോക്കുകപോലും ചെയ്യുന്നില്ലല്ലോ എന്ന് ഞാൻ ഖേദിക്കുന്നു. പറമ്പിൽ അച്ഛന്റെ കൃഷിത്തോട്ടത്തിൽ, പാവൽവള്ളികൾ താങ്ങുവടികൾക്കു മുകളിലെത്തി, ഇനി എങ്ങോട്ട് പടരണമെന്നറിയാതെ ആകാശത്തേക്കു നോക്കി നില്ക്കുന്നു.

അമ്മയുടെ സംരക്ഷകനായി വീട്ടുതിണ്ണയിലിരിക്കുന്ന

സന്ധ്യനേരത്ത് എന്നും കേൾക്കുന്ന കപ്പൽശാലയിലെ സൈറൺ അച്ഛന്റെ മുഖം ഓർമയിലെത്തിക്കും. ആയിരം കൂട്ടുകാർക്കൊപ്പം അതിവേഗം സൈക്കിളോടിച്ച് കപ്പൽശാലയുടെ അതിവിശാലമായ വാതിൽ കടന്നുവന്നിരുന്ന അച്ഛൻ... അര മണിക്കൂർ കഴിഞ്ഞു് ഉച്ചത്തിൽ വർത്തമാനം പറയുന്ന കൂട്ടുകാർക്കൊപ്പം വരുന്ന അച്ഛൻ വീട്ടുമുറ്റത്തേക്ക് സൈക്കിൾ തിരിക്കാറുണ്ടായിരുന്ന നേരത്താണ് ഇന്ന് അമ്മ വീടിന്റെ മുൻവാതിൽ പൂട്ടി ജനാലകൾ ചേർത്തടയ്ക്കുന്നത്.

അടയ്ക്കപ്പെട്ട വീട് എനിക്ക് സ്വപ്നങ്ങളുടെയും സങ്കല്പങ്ങളുടെയും ചില്ലുകൊട്ടാരമാണ്... ബഹിരാകാശത്ത് ഒരു മത്സ്യത്തെപ്പോലെ ഇഴഞ്ഞുനടക്കുന്ന അച്ഛൻ ശൂന്യതയുടെ ആഴക്കടലിനടിയിൽ ഭൂമിയെ തിരയുന്നു. കണ്ണിനോട് ഘടിപ്പിച്ച ബഹുദൂരദർശിനിയിലൂടെ ഭൂമിയിലെ ഗോളാകൃതിയിലുള്ള കടലുകൾ നോക്കി അച്ഛൻ അമ്പരക്കുന്നു —ഇതെന്ത്! ദൈവത്തിന്റെ മുഖക്കണ്ണാടിയോ? ബഹുദൂരദർശിനിയുടെ സൂക്ഷ്മാന്വേഷണക്കുഴലുകൾ തിരിച്ചു തിരിച്ച് അച്ഛൻ, നിലാവിന്റെ നിറം പുരണ്ട ഭൂഗോളത്തിനു പുറത്ത് ഉണങ്ങിപ്പിടിച്ച പായൽപോലെ കാണപ്പെടുന്ന ഭൂഖണ്ഡാകൃതികൾ തരംതിരിക്കാൻ പാടുപെടുന്നു. അച്ഛന്റെ ഓർമയിൽ ഭൂമിശാസ്ത്രം പഠിപ്പിച്ച ഗുരുക്കന്മാർ ഉരുളൻ കണ്ണുകളും ചൂരൽവടിയുമായി നിരന്നുനിൽക്കുന്നു. ചൂരൽവടിയുടെ അറ്റംകൊണ്ട് അവർ തൊട്ടുകാണിച്ച ഭൂഖണ്ഡചിത്രങ്ങളുടെ മങ്ങിയ ഓർമകളെ ആശ്രയി

ച്ചു അച്ഛനു ഭൂമിയുടെ ഭാഗപത്രം ഉടമ്പടിയായിരുന്നു —കൊടുംകാടുകളും നീലനദികളും തിങ്ങിയ ഈ ഭൂഖണ്ഡം എന്റെ കറുത്ത മകന്... മഞ്ഞുമലകൾ നിറഞ്ഞ മറുഭാഗം എന്റെ വെളുത്ത മകൾക്ക്...

ഇന്ന്, വീടിനെ മൂടാൻപോവുംപോലെ കാടും പടലും പിടിച്ച് കിടക്കുന്ന ഞങ്ങളുടെ പറമ്പിലേക്കു നോക്കിയാൽ മതി, അച്ഛനെ പിരിഞ്ഞു് ഞങ്ങൾ ജീവിച്ച നാളുകളുടെ നീളമറിയാൻ. പാവലും പടവലവും വെണ്ടയും വഴുതനയും ചേമ്പും കാച്ചിലുമൊക്കെ വളർന്നിരുന്ന അച്ഛന്റെ കൃഷിത്തോട്ടത്തിന്റെ സ്ഥാനത്ത് ഇതാ കാട്ടുവള്ളികളും കമ്മ്യൂണിസ്റ്റ്പച്ചയും ചൊറിയണവുമൊക്കെ വളർന്നു്, സൂക്ഷിച്ചു നോക്കിയാൽ പ്രാണഭയം തോന്നുന്ന പാഴ്ച്ചെടികളുടെ കാട്... അച്ഛനു മാത്രം പേരു പറഞ്ഞുതരാനറിയാമായിരുന്ന പലതരം കിളികൾ പറന്നു നടന്നിരുന്ന കൃഷിത്തോട്ടം ഇന്ന് കിളികളാലെല്ലാം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. പരിഭ്രാന്തി പിടിച്ച കണ്ണുകളുള്ള ഓന്തുകളുടെ, ആളനക്കം കേട്ടാൽ ഓടിമറയുന്ന ഉടുമ്പുകളുടെ, ഇലക്കൂട്ടങ്ങളിൽ ഒളിഞ്ഞിരിക്കുന്ന പച്ചിലപ്പാമ്പുകളുടെ ഒളിസങ്കേതമായി മാറിയിരിക്കുന്നു ഞങ്ങളുടെ പുരയിടം സർപ്പക്കാവിലേക്ക് അമ്മ നടന്നുപോകുന്ന കാലടിപ്പാതയിൽ മാത്രം മണ്ണിന്റെ നിറം കാണാം.

അച്ഛൻ പോയതിനു ശേഷം ഞങ്ങൾ ഇത്രമേൽ ആഹ്ലാദിച്ച മറ്റൊരു ദിവസവുമുണ്ടായിട്ടില്ല. എത്ര അപ്രതീക്ഷിതമായിട്ടാണ് ഇന്നു കാലത്ത് ഞങ്ങൾ സ്കൂളിൽ പോകാനൊരുങ്ങിനിന്നപ്പോൾ ഹ്യൂസ്റ്റണിൽനിന്ന്

ആ അടിയന്തരസന്ദേശമെത്തിയത്. അച്ഛന്റെ കപ്പൽ ഇന്നു രാത്രി തെക്കേ ഇന്ത്യയുടെ ആകാശം കടന്നു പോകുമെന്ന വാർത്തയോടൊപ്പം ഞങ്ങൾ അച്ഛനു വേണ്ടി കാത്തിരിക്കേണ്ട ഇന്ത്യൻ സ്റ്റാൻഡേർഡ് സമയത്തിന്റെ കൃത്യവിവരങ്ങളുമടങ്ങിയിരുന്നതാണതിശയം. കേരള തീരത്തെ ആകാശത്ത്, ഏഴര മണിയോടെ തെക്കുപടിഞ്ഞാറായി പ്രത്യക്ഷപ്പെടുന്ന കപ്പൽ ആകാശം മുറിച്ച് അര മണിക്കൂറോളം കഴിഞ്ഞ് വടക്കുകിഴക്കൻ ശൂന്യാകാശത്തിലേക്കു മറയുമെന്ന്...

അച്ഛന്റെ നിയമന ഉത്തരവ് കിട്ടിയപ്പോൾ അനുഭവിച്ച അതേ ആനന്ദത്തോടെ കണ്ണുകൾ ആകാശത്തേക്കുയർത്തി പ്രാർത്ഥനകളർപ്പിച്ച ശേഷമാണ് അമ്മ ആഹ്ലാദത്തടസ്സം പ്രകടമായ ശബ്ദത്തിൽ ഞങ്ങളെ ആ സന്തോഷവാർത്തയറിയിച്ചത്. പനിയുടെ നാളുകളിൽപോലും ഊഷ്മാവ് കൃത്യമായി അളന്ന് തിട്ടപ്പെടുത്തിയതിനു ശേഷം മാത്രം സ്കൂളിലേക്ക് അയയ്ക്കണോ വേണ്ടയോ എന്നു തീരുമാനിക്കാറുള്ള അമ്മ, അച്ഛന്റെ വരവ് ആഘോഷിക്കാൻ അവധിയെടുക്കാൻ ഞങ്ങളെ അനുവദിച്ചു. എന്നിട്ട്, ഞങ്ങളെ കൂട്ടി സർപ്പക്കാവിലേക്ക് പോയി. തിരി കത്തിച്ച് പ്രാർത്ഥിച്ചശേഷം അമ്മ പതിവില്ലാതെ ഞങ്ങളോടും തിരികൾ കൊളുത്താൻ ആവശ്യപ്പെട്ടു.

നെഞ്ചിനുള്ളിൽ വേഗം സന്ധ്യയാവാൻ ധൃതികൂട്ടിയ ഹൃദയത്തോടെയാണ് ഞങ്ങൾ പകലിന്റെ ശിഷ്ടഭാ

ഗം കഴിച്ചുകൂട്ടിയത്. ആഹാരംപോലും ആവശ്യമായി തോന്നിപ്പിക്കാത്തവണ്ണം ഒരുല്ലാസക്കടൽ ഞങ്ങളുടെ ഉള്ളിൽ ഓളം തല്ലിക്കിടന്നു.

സന്ധ്യയുടെ നിഴലനക്കങ്ങൾ കണ്ടുതുടങ്ങിയപ്പോൾത്തന്നെ വീടെല്ലാമടച്ച് ഞങ്ങൾ മൂവരും പുത്തൻമുറിയുടെ മുകളിലെ ടെറസ്സിലേക്കു കയറി. ആകാശം മുഴുവൻ നന്നായി കാണാവുന്ന കിഴക്കേ കോണിൽ കാത്തിരിക്കാൻ തുടങ്ങി.

"അച്ഛനൊത്തിരി മാറിപ്പോയിക്കാണും." ഏറെനേരം എന്തൊക്കെയോ ചിന്തിച്ചിരുന്നിട്ട് അമ്മ പറഞ്ഞു.

"അതെന്താ അമ്മേ?" രാഹുൽ ചോദിച്ചു.

"അച്ഛന് വയസ്സായിത്തുടങ്ങിക്കാണും മോനെ..." അമ്മ ചിരിച്ചു: "മുടിയൊക്കെ നരച്ചുകാണും... അച്ഛന്റെ ഇപ്പോഴത്തെ പ്രായത്തിൽ മുത്തച്ഛൻ ആകെ നരച്ചിട്ടായിരുന്നു."

അപ്പോൾ കപ്പൽശാലയിലെ സൈറൻ മുഴങ്ങി. കപ്പൽശാലയ്ക്കു പുറത്തേക്ക് ഉത്സാഹത്തോടെ സൈക്കിൾ ചവിട്ടിയിറങ്ങി വരുന്ന അച്ഛന്റെ മുഖം ഇന്ന് പതിവിലേറെ അടുത്തു കാണുന്നതായി എനിക്കു തോന്നി. ഇനിയും ഏറെ നാളുകൾ കഴിഞ്ഞു് നര കയറിയ മുടിയുള്ള മറ്റൊരു മുഖവുമായിട്ടായിരിക്കുമല്ലോ അച്ഛൻ മടങ്ങിവരുന്നതെന്നോർത്തപ്പോൾ, അന്ന് ഞാനും അച്ഛന്റെ കണ്ണിൽ, ബഹിരാകാശത്തേക്ക് ഉമ്മ കൊടുത്ത് യാത്രയയച്ച ആ പഴയ കുട്ടിയായിരിക്കില്ലല്ലോ

എന്ന വിചാരം എന്നെ വ്യസനിപ്പിച്ചു.

പിന്നെ പടിഞ്ഞാറേച്ചിറയിലെ തെങ്ങിൻതോപ്പുകൾക്കു പിന്നിലേക്ക് താഴ്ന്നു താഴ്ന്നുപോകുന്ന സൂര്യനെ നോക്കി നോക്കി ആകാംക്ഷ മുറ്റിയ മനസ്സുകളോടെ ഞങ്ങൾ നിശ്ശബ്ദരായിക്കൊണ്ടിരുന്നു.

കിടപ്പുമുറിയിലെ ക്ലോക്കിൽ ഏഴര മണിയടിക്കുന്ന ശബ്ദം കേട്ടതും പടിഞ്ഞാറനാകാശത്തേക്ക് മുഖം തിരിച്ചിരിക്കുന്ന മൂന്ന് പ്രതിമകൾപോലെ ഞങ്ങൾ ഉത്കണ്ഠയുടെ കുന്നിൻനെറുകയിൽ അനങ്ങാനാവാതെയിരിക്കെ, ഇരുട്ടു മൂടിയ തെങ്ങിൻ തലപ്പുകൾക്കു പിന്നിൽ നിന്ന് സഞ്ചരിക്കുന്ന ഒരു നക്ഷത്രമായി പൊടുന്നനെ അച്ഛന്റെ ബഹിരാകാശക്കപ്പൽ പ്രത്യക്ഷപ്പെടുകയും ആദ്യം കപ്പൽ കണ്ടുപിടിച്ച് പരസ്പരം തോല്പിക്കുവാൻ വെമ്പിയിരുന്ന ഞങ്ങൾ മൂവരും തോറ്റ്, ഒന്നിച്ചൊരാഹ്ലാദച്ചിരിയോടെ അച്ഛനെ വരവേൽക്കുകയും...

“അയ്യോ... അതാണോ അമ്മേ... എന്ത് പൊക്കത്തിലാ...” രാഹുൽ ഒച്ചവയ്ക്കാൻ തുടങ്ങി: “ആ നക്ഷത്രംതന്നെയാണോ അമ്മേ അച്ഛന്റെ കപ്പൽ?”

അമ്മയതു കേൾക്കുന്നതേയില്ല. കണ്ണിൽ വീഴുന്ന നക്ഷത്രരശ്മികളിലൂടെ ഏതോ വിചാരവിനിമയങ്ങൾ നടത്തുന്നതുപോലെ അമ്മ ഇമയടയ്ക്കാതെ നോക്കിയിരിക്കുകയാണ്.

"അതാണോ ചേട്ടാ..." രാഹുൽ അമ്മയെ വിട്ട് എന്നോട് ചേർന്നിരുന്നു: "ആ നക്ഷത്രംതന്നെയാണോ അച്ഛന്റെ കപ്പൽ?"

അത് നക്ഷത്രമല്ല, അച്ഛന്റെ കപ്പൽതന്നെയാണെന്നും ആകാശത്തകലെക്കാണുന്നതെല്ലാം നമുക്ക് നക്ഷത്രമാണെന്ന തോന്നുന്നതാണെന്നും പറഞ്ഞു കൊടുത്ത് അവന്റെ സംശയം പെട്ടെന്നടക്കി. ഞാനും അച്ഛന്റെ കപ്പൽ ആവോളം കാണാൻ തിടുക്കം കൂട്ടി.

"അയ്യോ... അച്ഛൻ നമ്മളെ കാണുന്നുണ്ടാവുമോ അമ്മേ? രാഹുൽ വീണ്ടും അമ്മയെ അലട്ടാൻ തുടങ്ങി.

ഇത്തവണ അമ്മ അവനെ നിരാശനാക്കിയില്ല. കൈകളാൽ ചേർത്തുപിടിച്ച് അതീവ വേദന തോന്നിച്ച ഒരു ശബ്ദത്തിൽ പറഞ്ഞു: "അച്ഛന് കണ്ണുകൊണ്ട് കാണാൻ വയ്യ മോനെ... മനസ്സുകൊണ്ട് അച്ഛൻ കാണുന്നുണ്ട്."

രാഹുൽ നിശ്ശബ്ദനായി.

ഇപ്പോൾ, അച്ഛന്റെ കപ്പൽ ഞങ്ങളുടെ വീടിനു മേലെയെത്തിയിരിക്കുന്നു.

നക്ഷത്രരശ്മിയുടെ നീണ്ട കോണിയിലൂടെ താഴേക്കിറങ്ങിവരാൻ അച്ഛനോട് യാചിക്കാൻ എനിക്ക് തോന്നിപ്പോയി. ശൂന്യതയുടെ സമുദ്രത്തിൽ ഭ്രമണം ചെയ്യുന്ന ആ വ്യർത്ഥയാത്രയുടെ ദൃശ്യം എന്നെ ദുഃഖിത

നോക്കിക്കൊണ്ടിരുന്നു.

ഭീമാകാരനായ ബഹിരാകാശക്കപ്പലിൽ ഗഗനസഞ്ചാരിയുടെ മുഖാവരണങ്ങളണിഞ്ഞിരിക്കുന്ന അച്ഛൻ താഴെ, ഇരുട്ടിന്റെ പാതാളഗർത്തത്തിലെവിടെയോ ചുറ്റിത്തിരിയുന്ന ഭ്രമിയുടെ സഞ്ചാരവും അതേ വ്യർത്ഥതാബോധത്തോടെ നോക്കിയിരിക്കുകയായിരിക്കുമെന്നും എനിക്ക് തോന്നി. അപ്പോൾ, എന്തുകൊണ്ടാണെന്നറിഞ്ഞില്ല, ഓർമ്മയുടെ അഗാധതയിൽനിന്ന് മുത്തച്ഛന്റെ മുഖം എന്റെ മനസ്സിലേക്ക് എത്തിനോക്കി.

കപ്പൽ ആകാശത്തിന്റെ കിഴക്കേച്ചെരുവിലെത്തിക്കഴിഞ്ഞിരുന്നു.

അമ്മയുടെ മുഖത്ത് നക്ഷത്രത്തിളക്കമുള്ള കണ്ണുനീർത്തുള്ളികൾ ഒഴുകിത്തുടങ്ങി.

മറ്റൊരു വിടപറയലിന്റെ വ്യസനത്തോടെ ഞങ്ങൾ നോക്കിയിരിക്കെ, മേഘങ്ങളുടെ ഒരു തിരമാല ഉയർന്ന് വരികയും ഞങ്ങളുടെ കണ്ണുകളുടെ കൊതിയടങ്ങും മുൻപ് അച്ഛന്റെ ബഹിരാകാശക്കപ്പൽ ആ തിരയാൽ മറയുകയും ചെയ്തു. മേഘങ്ങൾക്കിടയിലെ വിള്ളലുകളിലെവിടെയെങ്കിലും ഒരിക്കൽക്കൂടി അത് ദൃശ്യമാവുമെന്ന ഞങ്ങളുടെ മോഹം വ്യർത്ഥമായിരുന്നു.

ആകാശത്തിളക്കങ്ങളിൽനിന്ന് പിൻവാങ്ങിയ ഞങ്ങളുടെ കണ്ണുകൾ ഭ്രമിയിലെ ഇരുട്ടിനോടിണങ്ങാൻ

അല്പനേരമെടുത്തു.

പിന്നെ ഇരുട്ടിലൂടെ സാവധാനം നടകളിറങ്ങുമ്പോൾ അമ്മ തന്നോടുതന്നെ പറയുംപോലെ പറഞ്ഞു: "ഇനീം രണ്ടു വർഷം... എന്റീശ്വരാ...!"

ഭയംകൊണ്ടെന്നപോലെ എന്നോടു ചേർന്നു നടക്കുക യായിരുന്ന രാഹുൽ പെട്ടെന്ന്, സ്വകാര്യം പറയുന്ന ശബ്ദത്തിൽ പറഞ്ഞു:

"എന്ത് പൊക്കത്തിലാ അച്ഛൻ... അല്ലേ ചേട്ടാ... ദൈ വത്തിന്റെയത്ര പൊക്കത്തിൽ..."

രാഹുൽ പറഞ്ഞത് വേറൊരർത്ഥത്തിലും ശരിയാ ണെന്ന് എനിക്കു തോന്നി —അകലെയുള്ള അച്ഛനാ കുന്ന ദൈവം. □